# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2353

2014 ഡിസംബർ 9-ാം തീയതി മറുപടി നല്കേണ്ടത്

**കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ**

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 25 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടും ഇതിനായി ലറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ; | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. കേരളാ ഹൈക്കോടതിയുടെ CCC.803/2000 ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് മാറുന്നത്. ആസ്തിവികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച ബിൽ 2014 ഫെബ്രുവരി മാസം സമർപ്പിച്ചതായാണ് കാണുന്നത്. 2013 ഡിസംബർ 31 വരെയുള്ള ബില്ലുകൾക്കാണ് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുള്ളത്. |

| | |
|---|---|
| ബി) ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | 2014 ഫെബ്രവരി മാസത്തെ ബില്ലുകൾക്കുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുമ്പോൾ, കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച പ്രവർത്തിയുടെ ബില്ലിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ